LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) 6-9-1978-ലെ സർക്കാർ ഉത്തരവ് നമ്പർ 1289/1978/ആർ.ഡി. പ്രകാരം കാസർഗോഡ് ജില്ലയിലെ വനവൽക്കരണത്തിനായുള്ള സ്ഥലങ്ങൾ വനം വകുപ്പിന് കൈമാറിക്കിട്ടിയിരുന്നു. ഇപ്രകാരം പ്രാരംഭഘട്ടത്തിൽ കൈമാറിയിരുന്ന 486 ഏക്കർ ഭൂമിയിൽ, കഡ്ലു വില്ലേജിലെ റീ-സർവ്വേ നമ്പർ 382/1-ൽപ്പെട്ട 30.91 ഏക്കർ സ്ഥലവും ഉൾപ്പെട്ടിരുന്നു. ഇതിൽനിന്നും സോഷ്യൽ ഫോറസ്ട്രി ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിനാവശ്യമായ 5 ഏക്കർ ഒഴികെ, ബാക്കിയുള്ള 25.91 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയ നിർമ്മാണത്തിനായി വിട്ടു നൽകിയിട്ടുണ്ടായിരുന്നു. ഇങ്ങനെ കൈമാറിയ 25.91 ഏക്കർ സ്ഥലത്തിനു പകരമായി കൊളത്തൂർ വില്ലേജിലെ റീ-സർവ്വേ നമ്പർ 11/1 ബി-യിൽപ്പെട്ട 22.75 ഏക്കർ സ്ഥലം വനവൽക്കരണത്തിനായി വനം വകുപ്പിന് കൈമാറുന്നതിന് 21-2-1986-ലെ സ.ഉ. (എംഎസ്.) 147/86/ആർ.ഡി. പ്രകാരം ഉത്തരവായിരുന്നുവെങ്കിലും ടി ഭൂമി വനം വകുപ്പിന് ഇതുവരെയും കൈമാറി നൽകിയിട്ടില്ല.

കൊളത്തൂർ വില്ലേജിൽ ആകെയുണ്ടായിരുന്ന 24.75 ഏക്കർ റവന്യൂ ഭൂമിയിൽ 2 ഏക്കർ സ്ഥലം കൊളത്തൂർ ഗവ. എൽ.പി. സ്കൂൾ നിർമ്മാണത്തിനു വേണ്ടി റവന്യൂ വകുപ്പ് തന്നെ അനുവദിച്ചു കൊടുക്കുകയും ഇപ്പോൾ സ്ഥലത്ത് ടി സ്കൂൾ പ്രവർത്തിച്ചു വരികയുമാണെങ്കിലും, ബാക്കിയുള്ള കൊളത്തൂർ വില്ലേജിലെ കല്ലള്ളി മുതൽ കമ്പളം പാറ വരെയുള്ള 22.75 ഏക്കർ സ്ഥലം ചുറ്റുമതിൽ കെട്ടിയും കൃഷിയിറക്കിയും പല സ്വകാര്യ വ്യക്തികളുടെയും കൈവശങ്ങളിലായാണ് നിലനിൽക്കുന്നതെന്നതിനാൽ ടി കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വനം വകുപ്പിന് കൈമാറുകയോ വനം വകുപ്പ് ഇതുവരെയും ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

കേന്ദ്രീയ വിദ്യാലയത്തിന്റെ നിർമ്മാണത്തിനും മറ്റുമായി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽനിന്നും വനം വകുപ്പ് വിട്ടുകൊടുത്ത കഡ്ലു വില്ലേജിലെ 25.91 ഏക്കർ സ്ഥലത്തിന് പകരം ഭൂമി വനം വകുപ്പിന് ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ, മൃഗസംരക്ഷണ വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള ശിപാർശ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

കാസർഗോഡ് ജില്ലയിൽ ഗ്രൂപ്പ് വില്ലേജുകളുടെ പ്രവർത്തനം

152 (3900) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ താലൂക്കുകളിലെ വില്ലേജുകളാണ് ഗ്രൂപ്പ് വില്ലേജുകളായി ഇപ്പോഴും പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഗ്രൂപ്പ് വില്ലേജുകളിൽ വിവിധ ആവശ്യങ്ങൾക്കായി പോകുന്നവർക്ക് ലഭിക്കാനുള്ള സേവനങ്ങൾക്ക് അപേക്ഷകരുടെ എണ്ണംകൂടുതൽ മൂലം കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗ്രൂപ്പ് വില്ലേജുകളായി കാസർഗോഡ് ജില്ലയിൽ ഇപ്പോഴും പ്രവർത്തിക്കുന്ന വില്ലേജുകളെ വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ്, മഞ്ചേശ്വരം, ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് എന്നീ താലൂക്കുകളിലാണ് ഗ്രൂപ്പ് വില്ലേജുകളുള്ളത്. വില്ലേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം- എ)*

(ബി) ഉണ്ട്.

(സി) ഗ്രൂപ്പുവില്ലേജുകൾ വിഭജിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

പയ്യന്നൂരിലെ മിനി സിവിൽസ്റ്റേഷനിൽ സർക്കാർ ഓഫീസുകൾക്ക് മുറി അനുവദിക്കുന്നതിനുള്ള നടപടി

153 (3901) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ നിർമ്മാണം പൂർത്തിയായ മിനി സിവിൽ സ്റ്റേഷനിൽ സർക്കാർ ഓഫീസുകൾക്ക് മുറി അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം ഓഫീസുകൾക്കാണ് മിനി സിവിൽ സ്റ്റേഷനിൽ മുറികൾ അനുവദിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ ലാന്റ് ട്രിബ്യൂണൽ ഓഫീസ്, എക്സൈസ് റെയിഞ്ച് ഓഫീസ്, ലേബർ ഓഫീസ്, ക്ഷീര വികസന ഓഫീസ്, ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്, കൊമേഴ്സ്യൽ ടാക്സ് ഓഫീസ്, ഫുഡ് സേഫ്റ്റി ഓഫീസ്, അസിസ്റ്റന്റ് ഡയറക്ടർ വി.എച്ച്.എസ്.എസ്. വകുപ്പ് ഓഫീസ്, ശിശു വികസന ഓഫീസ്, റീ-സർവ്വേ ഓഫീസ്, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) എന്നീ വകുപ്പുകളുടെ ഓഫീസുകൾക്ക് മുറി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly